Page 1 of 1

(സി) ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ബാധകമല്ല.

**റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്ന നടപടിക്രമങ്ങൾ**

351 (961) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ തോലനൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പതിനാല് ഏക്കർ ഭൂമി റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കുത്തനൂർ 1 വില്ലേജിലുൾപ്പെട്ടതും ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 209/2, 210 എന്നിവയിലായി ഉൾപ്പെട്ടു വരുന്നതുമായ 5.3052 ഹെക്ടർ ഭൂമി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിർമ്മിക്കുന്നതിന് ഉന്നത വിദ്യാഭ്യാസവകുപ്പിന് 23-2-2021-ലെ സ.ഉ.(കൈ)നമ്പർ 78/2021/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസ് പൊസഷൻ നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറി റിപ്പോർട്ട് ചെയ്യുന്നതിന് ആലത്തൂർ തഹസിൽദാർക്ക് പാലക്കാട് ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണം**

352 (962) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ടുനൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ താമസക്കാരായിരുന്ന ജീവനക്കാരുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണത്തിനായി 4216-01-106-98 ശീർഷകത്തിൽ 2302.10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly